**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 903** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>മലമ്പുഴ പുതുശ്ശേരി ചെല്ലൻകാവ് മിനിഡാം നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. പ്രഭാകരൻ

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** 2020-21 വർഷത്തെ ബജറ്റിൽ നാല് കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനിഡാം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

**<u>മറുപടി:</u>** 2020-21 വർഷത്തെ ബജറ്റിൽ നാല് കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനിഡാം നിർമ്മാണത്തിന് 2025 ഏപ്രിലിൽ സർക്കാർ ഭരണാനുമതി നല്കി. നിലവിൽ ടി പ്രവൃത്തിയുടെ പ്രാഥമിക ലെവൽസ് എടുത്ത് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് (CTE) റിപ്പോർട്ട് ചെയ്യുകയും Earthen embankment construction പ്രവൃത്തിയുമായി ബന്ധപ്പെട്ട Soil testing ചെയ്യുന്നതിന് പീച്ചിയിലെ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് (KERI) Soil samples നല്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ കോൺക്രീറ്റ് പാർശ്വ സംരക്ഷണ പ്രവൃത്തികളും ആരംഭിച്ചിട്ടുണ്ട്.

**(ബി)** 2025 ഏപ്രിലിൽ ഭരണാനുമതി ലഭിച്ച പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**